# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :247 09.07.2015 ൽ മറുപടിയ്ക്ക്

ഭൂസംരക്ഷണസേനയുടെ ഘടനയും പ്രവർത്തനവിപുലീകരണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>,, ജെയിംസ് മാത്യു<br>,, എം. ചന്ദ്രൻ<br>,, കെ.സുരേഷ് കുറുപ്പ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂസംരക്ഷണസേനയുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ ; | ഇടുക്കി ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ, സായുധസേനയിൽ നിന്നും വിരമിച്ച 10 വിമുക്തഭടന്മാരാണ് നിലവിൽ ഭൂസംരക്ഷണ സേനയിലെ അംഗങ്ങൾ. സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ തടയുന്നതിനും, ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുമായിട്ടാണ് ഭൂസംരക്ഷണസേനയ്ക്ക് രൂപം നൽകിയിരിക്കുന്നത്. നിരീക്ഷണത്തിന് നൽകിയിരിക്കുന്ന സർക്കാർ ഭൂമിയിൽ കുറഞ്ഞത് മൂന്ന് എണ്ണമെങ്കിലും ഒരു ദിവസം സേനാംഗങ്ങൾ നിരീക്ഷിക്കേണ്ടതുണ്ട്. കൈയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത് നീക്കം ചെയ്യുന്നതിനും ഒഴിപ്പിക്കാൻ കഴിയാത്ത കൈയ്യേറ്റങ്ങൾക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്യുന്നതാണ്. സേനയിലെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലാണ് നടന്നുവരുന്നത്. ഫോഴ്സിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ബീറ്റ് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വ്യാപകമായി നടക്കുന്ന ഭൂമി കൈയ്യേറ്റങ്ങൾ തടയുന്നതിന് ഉതകുംവിധം സേനയെ സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | നിലവിൽ ഭൂസംരക്ഷണ സേനയുടെ പ്രവർത്തനം ഇടുക്കി ജില്ലയിൽ മാത്രമാണുള്ളത്. |
| (സി) | ഏതെല്ലാം ജില്ലകളിൽ ഭൂസംരക്ഷണ സേന പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ; | ഇടുക്കി ജില്ലയിൽ മാത്രം. |

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്തെ വൻകിട കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കുന്നതിനും ഭൂസംരക്ഷണസേനയുടെ പ്രവർത്തനം വിപുലീകരിക്കാൻ തയ്യാറാകുമോ ; | നിലവിലുള്ള റവന്യൂ സംവിധാനങ്ങൾ ഇതിന് പര്യാപ്തമാണ്. |
| (ഇ) | ഭൂസംരക്ഷണ സേനയുടെ പ്രവർത്തനഫലമായി എത്ര അളവിൽ കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കാനായിട്ടുണ്ടെന്ന് വിശദമാക്കാമോ? | ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ വിവിധ വില്ലേജുകളിലായി 424.76 ഏക്കർ ഭൂമിയും, ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിൽ 481.37 ഏക്കർ ഭൂമിയും റവന്യൂ ഉദ്യോഗസ്ഥരും ഭൂസംരക്ഷണ സേനയും ചേർന്ന് ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ